# ജി.എച്ച്.എസ്. മടത്തറക്കാണി

# സഫലം-2020



GHS MADATHARAKANI യിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ചേർന്നൊരുക്കുന്ന "സഫലം-2020" ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു

ഹെഡ്മിസ്ട്രസ്സ്

GHS മടത്തറക്കാണി

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്

കുട്ടികൾ ചേർന്ന് തയ്യാറാക്കിയ "സഫലം 2020"

എന്ന പേരിലുള്ള ഈ ഡിജിറ്റൽ മാഗസിൻ കുട്ടികളിൽ

വിവരവിനിമയ സാങ്കേതികവിദ്യയോടുള്ള താല്പര്യം

വർദ്ധിപ്പിക്കാൻ സഹായകമായിട്ടുണ്ട് എന്ന്

പ്രതീക്ഷിക്കുന്നു.ഇതിന് പിന്നിൽ പ്രവർത്തിച്ച

എല്ലാവർക്കും ആശംസകൾ നേരുന്നു.

വിജയകുമാർ.റ്റി (HST ഗണിതം)

# ആമുഖം

പഠനം ആസ്വാദ്യകരമാകുന്നത് നൂതന സാങ്കേതികതയുടെ അനുഭവത്തിലൂടെയാണ്.

ഇത്

വിജ്ഞാനത്തിന്റെ അതിരുകളില്ലാത്ത ആകാശത്തിലൂടെ ഒരുഡിജിറ്റൽ യാത്ര.

ഭാവനയുടെ,സ്വപ്നത്തിന്റെ,

ചിന്തകളുടെ....

ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ചേർന്നൊരുക്കിയ കൂട്ടൊരുക്കം-"**സഫലം-2020**"



# എഡിറ്റോറിയൽ ബോർഡ്

| |
|---|
| ഇജ്ലാസ് മുഹമ്മദ്(ചീഫ്എഡിറ്റർ) |
| ആലിയ ഫാത്തിമ |
| മുഹമ്മദ് ആഷിക് |
| സീന സുനിൽ |
| ശ്രീഹരി |
| സുകന്യ.എൻ.എസ് |
| ആഗ്ന ഗിരീഷ് |



# താളുകളിൽ


| ക്രമ നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| 1 | എഴുത്തുകാരും കൃതികളും | 7-8 |
| 2 | രക്തസാക്ഷി(കവിത) | 9 |
| 3 | ക്വിസ് | 10-13 |
| 4 | എന്റെ കുഞ്ഞു പുഴ(കവിത) | 13-14 |
| 5 | മൊഴിമുത്തുകളും-മഹത് വ്യക്തികളും | 15-19 |
| 6 | ഠിം(കഥ) | 19-20 |
| 7 | ഒരു നോക്കു കാണാനായി(കവിത) | 20-21 |
| 8 | ഒത്തിരി ആലോചിച്ചിട്ടും മനസ്സിലൊന്നും കിട്ടുന്നില്ല (കഥ) | 21-28 |
| 9 | GLOBAL WARMING(ESSAY) | 28-32 |

| | | |
|---|---|---|
| 10 | ആന്റണി സി.എൽ (ജീവചരിത്രക്കുറിപ്പ്) | 32 |
| 11 | എഴുത്തച്ഛൻ (ജീവചരിത്രക്കുറിപ്പ്) | 33-34 |
| 12 | ഉറൂബ്(ജീവചരിത്രക്കുറിപ്പ്) | 34 |
| 13 | പദകോശം | 35-37 |
| 14 | കരുണയുടെ സമ്മാനം | 38-39 |
| | | |


# എഴുത്തുകാരും കൃതികളും

1.അക്ബർ കക്കട്ടിൽ-
മൃത്യുയോഗം,കുടുംബവൃത്താന്തം,ആറാംകാലം

2.അക്കിത്തം അച്യുതൻ നമ്പൂതിരി-
അന്തിമഹാകാലം,അരങ്ങേറ്റം,പഞ്ചവർണ്ണക്കിളികൾ , ദേശസേവിക, ബലിദർശനം,
ഇടിഞ്ഞുപൊളിഞ്ഞ ലോകം

3.അച്യുതൻ .എം-വിവേചനം,സമന്വയം

4.അച്യുതമേനോൻ.സി-സ്മരണയുടെ ഏടുകൾ,വായനയുടെ ഉതിർമണികൾ

5.അയ്യപ്പൻ.കെ-പരിവർത്തനം,ഉജ്ജീവനം,അയ്യപ്പന്റെ പദ്യകൃതികൾ,അഹല്യ

6.ആനന്ദ്-ആൾക്കൂട്ടം, അഭയാർത്ഥികൾ,മരണസർട്ടിഫിക്കറ്റ്,

ഒടിയുന്നകുരിശ്,ഇര,സംവാദം,വീടും തടവും

7.ഉദയഭാനു.എ.പി-കൊച്ചുചക്കരച്ചി,ഒരു പകൽ ക്കിനാവ്

8.ഉണ്ണായിവാര്യർ-നളചരിതം,ആട്ടക്കഥ, ഗിരിജാ കല്യാണം

9.ഒ.എൻ.വി.കുറുപ്പ്-ഉജ്ജയിനി,അഗ്നിശലഭങ്ങൾ,അക്ഷരം,മയിൽ പീലി


10.കാക്കനാടൻ-കച്ചവടം,ഒറോത,മഴയുടെ ജ്വാലകൾ,ഉച്ചയില്ലാത്ത ഒരു ദിവസം,അരുള പ്പാട്ട്

## 11.കാരശേരി-കാഴ്ച്ചവട്ടം,വിശകലനം,തുഞ്ചൽ പറമ്പിലെഞ്ജീച്,കുറ

തയ്യാറാക്കിയത്-
സുകന്യ.എൻ എസ്



## രക്തസാക്ഷി



അഹിംസക്ക് അർഹനാം മഹാത്മാവിൻ
ചുടുരക്തം വീഴ്കെ !

സ്വാതന്ത്ര്യത്തിൻ ഇതളുകളിൽ രക്തക്കറ
പുരളവേ....
നാമറിഞ്ഞീടിതില്ലയോ ഈ നഷ്ടപ്പെടൽ
സുഖ.ദുഃഖങ്ങളിൽ പങ്കാളികയായവൻ ഗാന്ധി
ഗാന്ധിയെൻ പിറവി എന്തിനോ വേണ്ടി
അലയവേ.....

സ്വാതന്ത്ര്യത്തിൻ നിർവൃതി ആനന്ദമാറിടുമ്പോൾ

ഗാന്ധിയെൻ മെയ്യ് വിണ്ണിൽ പതിക്കവേ
ജനങ്ങളാൽ ഹൃദയത്തിലേറ്റിയെൻ ഗാന്ധി
എൻ അച്ഛൻ

സ്വാതന്ത്ര്യത്തിനായി കൈകോർത്ത് പിടിക്കവേ...
കൈവിട്ടു പോയെൻ ഗാന്ധിയെൻ ജീവൻ

ഇന്ത്യ നാം വീരപുത്രന്
വീര്യമൃത്യു യേകിയവൻ ഗോഡ്സേ



തയ്യാറാക്കിയത്-ഇജാസ് മുഹമ്മദ്

# <u>ക്വിസ്</u>

**1. മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നതാര്**

**തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ**

**2. മലയാളത്തിലെ ആദ്യവനിതാ ടി. വി. ചാനൽ**

**സഖി ടി.വി**

**3 . മലയാളത്തിലെ ആദ്യത്തെ ഇന്റർനെറ്റ് സാഹിത്യ മാസിക ഏത് ?**

**WWW.പുഴ.കോം**

4. മലയാളത്തിലെ ആദ്യത്തെ ഗീതക സമാഹാരം ?

വെള്ളിനക്ഷത്രം

5. മലയാളത്തിലെ ആദ്യത്തെ വൈദ്യശാസ്ത്ര മാസിക ?

ധന്വന്തരി

6. 'ഭാരത കേസരി" എന്ന് വിശേഷിപ്പിക്കപ്പെട്ടത് ?

മന്നത്തു പത്മനാഭൻ

7. മലയാളി ടെംബിൾ സ്ഥിതി ചെയ്യുന്ന സുഖവാസകേന്ദ്രം?

യേർകാട് (തമിഴ്നാട്)

8. മലയാളി സഭ രൂപവൽക്കരിച്ചത് ?

സി.കൃഷ്ണപിള്ള

9. മലയാളം ഏതു ഭാഷാഗോത്രത്തിൽപ്പെടുന്നു ?

ദ്രാവിഡം

10. മലയാളത്തിൽ ഏറ്റവും കൂടുതൽ തുകയുള്ള അവാർഡ്?

വള്ളത്തോൾ അവാർഡ്

11. മലയാളത്തിൽ അച്ചടിച്ച ആദ്യത്തെ പുരസ്കാരം ?

ഭാഷാകൗടലീയം

12. മലയാളത്തിൽ ആദ്യമായി ബൈബിൾ പ്രസിദ്ധീകരിച്ചത് എവിടെ നിന്നാണ് ?

കോട്ടയം

13. മലയാളത്തിലെ ആദ്യത്തെ ഡിജിറ്റൽ സിനിമ ?

മൂന്നാമതൊരാൾ

14. മലയാളത്തിലെ ഏറ്റവും ചെറിയ മഹാകാവ്യം ?

കേശവീയം[കെ.സി.കേശവപിള്ളയുടെ]

15. മലയാളത്തിലെ ആദ്യത്തെ കോളമിസ്റ്റ് ?

സി.സി.കിഴക്കേമുറി

16. നളചരിതം ആട്ടക്കഥ, ആരുടെ കൃതിയാണ് ?

ഉണ്ണായി വാര്യർ

17. മലയാളത്തിലെ ആദ്യത്തെ സ്വകാര്യചാനൽ ?

ഏഷ്യാനെറ്റ്

18. ആദ്യ ആട്ടക്കഥ ?

രാമനാട്ടം

19. ആദ്യത്തെ ആധികാരിക മലയാളവ്യാകരണഗ്രന്ഥം ?

കേരള പാണിനീയം

20. കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ?

എഴുത്തച്ഛൻ

തയ്യാറാക്കിയത്-സുകന്യ(9.സി)

# എന്റെ കുഞ്ഞു പുഴ

അറിയതെ അറിയതെ എൻ കാതിലൊരു
കിന്നാരം കാതോർത്ത് ഞാൻ ഇരിക്കേ...
പിന്നിൽ നിന്നും വന്നു എൻ കണ്ണുകൾ രണ്ടും
പാടെ നീ പൊത്തിയതെന്തേ?
നീ എത്ര സുന്ദരി രൂപവതിണീഗ

നിന്റെ മടിത്തട്ടിൽ മുങ്ങി നിവരുമ്പോൾ
നിന്നിൽ അലിയുന്നു സർവ്വസ്വവും
കൂടെ കോരിച്ചൊരിയുന്ന നിൻ കൊച്ചുപുണ്യങ്ങൾ
ഒട്ടുമേ നോവാതെ രാരീരം ഗീതപാടി നീ
ഞങ്ങളെ മറോടണക്കുന്നേരം നിന്റെ ജീവന്റ
കുഞ്ഞകണികളിൽ
ഞങ്ങളെ തൊട്ട് തഴുകുന്നു
നിന്നിൽ നിന്നൊരൊച്ചയും ഞാൻ കേട്ടില്ല
നിൻ ചന്ദനഗന്ധവും ഞാനറിഞ്ഞില്ല
പൊൻ ചേലയെല്ലാം വാരിയൊതുക്കി നീ
കിലുകില കൊലുസിന്റെ കളകള നാദവും
ഗീതഎന്തിന് പിന്നെയും പിന്നെയും നീ വന്ന്
കണ്ണുകൾ രണ്ടുമേ പൊത്തി അടച്ചു?
അറിയതെ അറിയതെ എൻ കാതിലൊരു
കിന്നരം കാതോർത്ത് ഞാൻ ഇരിക്കേ...

തയ്യാറാക്കിയത് - സീനു സുനിൽ(9.സി)



# മൊഴിമുത്തുകളും-മഹത് വ്യക്തികളും

എന്റെ ജീവിതമാണ് എന്റെ സന്ദേശം

മഹാത്മാഗാന്ധി

സ്വപ്നം കാണുക
സ്വപ്നം കാണുക
സ്വപ്നം കാണുക അതിനുവേണ്ടി പ്രയത്നിക്കുക

എ.പി.ജെ അബ്ദുൽകലാം

വായിൽച്ചുണ്ടായാൽ പോരാ വായിച്ചുണ്ടാകണം

കുഞ്ഞുണ്ണിമാഷ്

ഒരു കുട്ടി
ഒരു പുസ്തകം
ഒരു അധ്യാപിക
പിന്നെയൊരു പേന ഇവകൊണ്ട്
ഈ ലോകം മാറ്റിമറിക്കാൻ സാധിക്കും

മലാല യൂസഫ്സായി

ആഗ്രഹങ്ങളാണ് ദുഃഖങ്ങൾക്ക് കാരണം

ശ്രീബുദ്ധൻ

എന്ത് നഷ്ടപ്പെടുത്തി എന്നതിലല്ല എന്ത് ബാക്കിയുണ്ട് എന്നതിലാണ് കാര്യം

സ്റ്റീഫൻ ഹോക്കിൻസ്

നമ്മുടെ ജീവിതമെന്നത്
നമ്മുടെ മനസ്സിന്റെ സൃഷ്ടിയാണ്

ശ്രീബുദ്ധൻ

ഉണരുക എഴുന്നേൽക്കുക ലക്ഷ്യം നേടുന്നതുവരെ... പ്രയത്നിക്കുക...

സ്വാമി വിവേകാനന്ദൻ

വിജയം ആസ്വാദ്യകരമാകണമെങ്കിൽ
പ്രയാസങ്ങൾ
ആവശ്യമാണ്

എ.പി.ജെ. അബ്ദുൽകലാം

ഓരോ വീടും ഒരോ വിദ്യാലയമാണ്
മാതാപിതാക്കൾ അദ്ധ്യാപകരും

മഹാത്മാഗാന്ധി

ഒരു നല്ല പുസ്തകം നൂറ് കൂട്ടുകാർക്ക് തുല്യമാണ്

എ.പി.ജെ. അബ്ദുൽകലാം

നമ്മുടെ 'ഇന്ന്'നമുക്ക് ത്യജിക്കാം നമ്മുടെ
കുട്ടികളുടെ
നല്ല 'നാളേയ്ക്കായി'...

എ.പി.ജെ.അബ്ദുൽകലാം

അധർമ്മ പക്ഷത്തുനിന്ന് ജയിക്കുന്നതിലും
നല്ലതാണ്
ധർമ്മപക്ഷത്തുനിന്ന് പരാജയപ്പെടുന്നത്...

ശ്രീനാരായണഗുരു

ഒരു നല്ല ഹൃദയം സ്വർണ്ണത്തേക്കാൾ
വിലപിടിപ്പുള്ളതാണ്

ഷേക്സ്പിയർ

മനുഷ്യൻ നന്നാവണം പ്രവർത്തിയിലും വാക്കിലും
വിചാരത്തിലും ശുദ്ധി വേണം

ശ്രീനാരായണഗുരു

ഒരു ജോലി ചെയ്യാൻ നിങ്ങൾ എത്രത്തോളം വിദഗ്ദനാണ് എന്നതിനേക്കാൾ നിങ്ങൾക്ക് ജോലി ചെയ്യാനുളള അർപ്പണ മനോഭാവമാണ് ഏറ്റവും പ്രധാനം

എ.പി. ജെ അബ്ദുൽകലാം

ഭാവി പ്രചിക്കാൻ ഏറ്റവും നല്ല രീതി അത് സ്വയം
നിർമ്മിച്ചെടുക്കുക എന്നുള്ളതാണ്

എബ്രഹാം ലിങ്കൺ

സൂര്യൻ ഉദിക്കുമ്പോൾ ഇരുട്ട് മാറിപോകുന്നതുപോലെ അറിവുദിക്കുമ്പോൾ അജ്ഞതയും മാറിപ്പോകുന്നു

ശ്രീനാരായണഗുരു

വിദ്യകൊണ്ട് സംഘടിച്ച് പ്രബുദ്ധരാക്കുക ശക്തരാകുക

ശ്രീനാരായണഗുരു

ജീവിതത്തിൽ വിജയം നേടുന്നവരെല്ലാം
പ്രത്യേക കഴിവുള്ളവരായിരിക്കണമെന്നില്ല
പലപ്പോഴും ശരാശരി കഴിവുള്ളവരാകും
അവർ...എന്നാൽ സ്ഥിരോത്സാഹവും
ക്ഷമാശീലവും അവരെ അത്യന്തിക
വിജയത്തിലേക്ക് നയിക്കുന്നു

മദർതെരേസ

# ഠ!

ബാബുവിന്റെ വല്ല്യച്ഛന്റെ മകളുടെ കല്ല്യാണമാണ്. പന്തലൊക്കെ ഇട്ടുകഴിഞ്ഞു. ഒരു ഭാഗത്ത് സദ്യക്കുള്ള ഒരുക്കങ്ങളാണ്. തേങ്ങ ചിരവൽ, പച്ചക്കറിനുറുക്കൽ, ഇല മുറിക്കൽ, വെടി പറച്ചിൽ....

നല്ല രസം!

മൂലക്ക് കൂട്ടിയിട്ടിരുന്ന പൊതിച്ച തേങ്ങകൾ കണ്ട് ഒരു ചെറിയൊരു ചിരിയോടെ ഫൽഗു ചോദിച്ചു :

"ബാബു , പൊതിച്ച തേങ്ങ കാണുമ്പോ നിനക്ക് എന്താ തോന്നണേ?""ഉടച്ച് വെള്ളം കുടിക്കാനും ശർക്കര കൂട്ടിത്തിന്നാനും ." അതല്ല, മലയാളത്തിലെ ഏതക്ഷരമാണ് തോന്നണേ

"നീ തന്നെ പറ,"ബാബു ഒഴിഞ്ഞു.

“ഠ!”
“ഠ യേ?
"അതെ;എന്നിട്ട് ഞാൻ അത്
'ഠിം'എന്നാക്കും" ."അതെന്തിനാ?"
"അല്ലെങ്കിൽ തേങ്ങ ഉടയ്ക്കുന്ന ശബ്ദം കേട്ട്
അനിയത്തി
പാഞ്ഞെത്തും.അപ്പോൾതേങ്ങാവെള്ളം അവൾ
കുടിക്കേണ്ടി വരും.അതുകൊണ്ട് ഉടയ്ക്കു ശബ്ദം
കേൾക്കാതിരിക്കാൻ ഞാൻ കൃത്യമായും
'ഠിം'എന്നുറക്കെ പറയും.
ചെലപ്പോഠിം....ഠിം.....സൂത്രം അവൾക്കിതുവരെ
പിടികിട്ടിയിട്ടുണ്ടാവില്ല"!
"കൊള്ളാമല്ലോടാ ഹൽഗ്ഗ"!
ബാബു പൊട്ടിച്ചിരിച്ചു!

## ഒരു നോക്കു കാണാനായി

ഒരുനോക്കുകാണാനായ് നോക്കിനിന്നുഞാൻ
എന്തേ അതുവഴി നീ പോയില.
കാട്ടുമലകളും ,തോടും,പുഴകളും,
നിന്നെക്കാണാനായ് കൊതിച്ചുനിന്നു.
തുലാമാസംവന്നുകഴിഞ്ഞുവല്ലോ
എന്നിട്ടും നീയെന്തേ വൈകിടുന്നു?
ഹരിതാഭതിങ്ങി നിറഞ്ഞ ഭൂമി

ഇന്നിതാ വീണ്ടും തുടങ്ങിടുന്നു.
ഒരുമാത്ര നീയൊന്നുവന്നുപോകൂ.
ഒരുനോക്ക് കാണാനായ് വന്നുപോകു.
ഒരു മണിമുത്തുപോൽ നീ വരുമോ
ഹരിതാഭ വാണ്ടും തിരിച്ചെടുക്കാൻ
വർഷക്കാലമേ നീവരുമോ?
ഒരുനോക്ക് കാണുവാനായ് നീവരുമോ?
ഒരുതുള്ളി ജലം നീതന്നീടുമോ?

തയാറാക്കിയത്
ശിവാനി.എസ്

# ഒത്തിരി ആലോചിച്ചിട്ടും മനസ്സിലൊന്നും കിട്ടുന്നില്ല

അന്നൊരു ഞായറാഴ്ച.കോരിത്തരിക്കുന്ന മഴ. അടിച്ച് വീശുന്ന കാറ്റ്.കാറ്റിന്റെ തലോടലിൽആടിയുലഞ്ഞ് നൃത്തം വച്ച് കൊണ്ടിരിക്കുന്ന മരങ്ങൾ.ആ ഇടവഴിയിലൂടെ പഴയ

പാരിജാതത്തിന്റെ ഗന്ധം അടിച്ച്
വീശാൻ തുടങ്ങി. വീടിന്റെ
വരാന്തയിൽ മഴയുടെ ഭംഗിയും
നോക്കി ഇരിക്കുന്ന ഒരു മിറുക്കി കുട്ടി.
ആ മഴയുടെ ആർത്തിരമ്പുന്ന
ആരവവും മനോഹാരിതയും
ഏറെക്കുറെ ആകർഷിച്ചിരിന്നു.
ആ നടക്കുന്ന എല്ലാ
പ്രതിഭാസങ്ങളും അവളുടെ
ആകാശത്തു നിന്നാരോ
പവിഴമുത്തുകൾ ഭൂമിയിലേക്ക്
പറക്കുയിടുന്നതാണത്രെ മഴ
എന്നാണ് അവളുടെ വിശ്വാസം.
ഭൂമി ആ പവിഴമുത്തിൽ
പുളകിതയാവും ആനന്ദിക്കും.
പ്രകൃതി ഹരിതാഭവം ആകും.
പുഴകൾ നിറഞ്ഞൊഴുകും ,
അരുവികളിൽ നിന്നും കള കള
ശബ്ദമുയരും , കിളികളാണെങ്കിലോ
സന്തോഷത്താൽ മന്ദം മന്ദമായി
ആലപിക്കാൻ തുടങ്ങും. അങ്ങനെ
ആ പവിഴമഴയിൽ ഈ പ്രപഞ്ചം

മുഴുവൻ ആനന്ദിക്കാൻ തുടങ്ങി.
ഈ ഏതാനും ആകാശത്തു നിന്നു
വീഴുന്ന ജലസാന്നിദ്ധ്യത്തിൽ ഈ
ഭൂമി മുഴുവൻ  എങ്ങനെയാണ് ഇത്ര
മനോഹരമാകുന്നത് എന്ന്
അവൾ ഒരുപാടു വട്ടം
ചിന്തിച്ചിട്ടുണ്ട്. എന്നാൽ
അവളുടെ സംശയത്തിന് ഒരിക്കൽ
പോലും ഉത്തരം കിട്ടിയിട്ടില്ല. പക്ഷേ
ആ കാര്യത്തിനു പോലും അവൾ
ഒരു പാടു പ്രാധാന്യം
കൊടുത്തിരുന്നു.ഒരുപാടു
ആലോചനകളും ചിന്തകളും എല്ലാം
നിറഞ്ഞു  നിന്നിരുന്ന ഒരു വലിയ
വിശാലമായ ഹൃദയം കൊച്ചു മിറുക്കി
ആ സംശയങ്ങൾക്കൊന്നും
അവസാനം കൊടുത്തില്ല. ഈ
ഭൂമിയിൽ നടക്കുന്ന എല്ലാ
പ്രതിഭാസങ്ങളും അവളുടെ മേൽ
സംശയം ജനിപ്പിക്കും . ഒരു ചെറിയ
അവൾക്കുണ്ടായിരുന്നു.
അങ്ങനെയിരിക്കെ

ഒരു രാത്രി,അന്നൊരു പൗർണമി നാളായിരുന്നു. ചന്ദ്രന് പ്രത്യേക ശോഭ. നിറഞ്ഞ് ഒഴുകി ഭൂമിയിലേക്ക് വരുന്ന നിലാവ്. വെറും നിലാവ് എന്നു പറഞ്ഞാൽ പോരാ പ്രണയം തുളുമ്പി വരുന്ന പാൽ നിലാവ്. അന്നവൾ ഉമ്മറത്തിണ്ണയിൽ നിന്ന് കസേരയെടുത്ത് ഒരു മാവിൻ ചുവട്ടിലായിട്ടു. ഹാ നല്ല നിലാവ് ! എന്നിട്ടവൾ ആ കസേരയിൽ ഇരുന്നു. കണ്ണെത്താദൂരത്തോളം അവൾ നോക്കി. ആകാശം മുഴുവൻ നക്ഷത്രങ്ങളാൽ നിറഞ്ഞ് നിൽക്കുന്നു.

നീല
പരവതാനി നീട്ടി വിരിച്ചിട്ട്
അതിൽ മുഴുവൻ വെള്ള
മുത്തുകൾ വാരി
വിതറിയിരിക്കുന്നതു പോലെ ആ
ആകാശം കണ്ടവൾക്ക് തോന്നി.
അവൾആ സൗന്ദര്യത്തിൽ

ലയിച്ച് പോയി എന്ന്
വേണമെങ്കിൽ പറയാം. ഒരുപാട്
നേരം അവൾ ആ
പൂർണ്ണചന്ദ്രനിൽ തന്നെ ദൃഷ്ടി
പതിപ്പിച്ചു.എങ്ങും നിലാവ്
.സൂര്യനും ചന്ദ്രനും
നക്ഷത്രവുമെല്ലാം നമ്മളിൽ
നിന്നും അകലെ അങ്ങ്
കൊയ്യെത്താദൂരത്താണ്
എന്നവൾക്കറിയാം.പിന്നെ
എങ്ങനെ ആണ് ഇത്രയും
ദൂരമുള്ള ചന്ദ്രനിൽ നിന്നും
ഇത്രയും ശാന്തമായി പാൽ
നിലാവ് ഭൂമിയിലേക്ക്
എത്തുന്നത്. അവൾക്ക്
സംശയമായി. അവൾ തന്റെ
അമ്മയുടെ അടുത്തേക്ക് ഓടി.
തനിക്ക് തോന്നിയ ആ വലിയ
സംശയം അവൾ അമ്മയോട്
ചോദിച്ചു. അമ്മ അവളെ വഴക്കു
പറഞ്ഞു. എന്തിനും ഏതിനും
നിനക്കെന്തിനാണ് ഇത്ര

സംശയം എന്നു ചോദിച്ചു. അത്
അവളെ ഒരുപാട് വേദനിപ്പിച്ചു.
മനസ്സിൽ ഒരു വലിയ
മുറിവേൽപ്പിച്ചു. അവൾ
മുത്തശ്ശനെ സ്മരിച്ചു. മരിച്ചു
പോയ അവളുടെ മുത്തശ്ശൻ
ഉണ്ടായിരുന്നു എങ്കിൽ എന്ന്
അവൾ ചിന്തിച്ചു. പക്ഷേ രാത്രി
ഉറങ്ങാൻ അവൾ പോയെങ്കിലും
ആ സംശയം ഒരുപാട് അവളെ
അലട്ടി. അവൾ ജനാല വഴി
പുറത്തേക്ക് നോക്കി. ആ പൂർണ്ണ
ചന്ദ്രൻ അവളെ നോക്കി
ചിരിക്കുന്നതായി അവൾക്ക്
തോന്നി. അവൾ എവിടെ
നിന്നൊ കുറെധൈര്യം
സംഭരിച്ചു.എന്നോ അവളുടെ
മുത്തച്ഛന്റെ ഓർമ്മകള എല്ലാം
ചേർന്നൊരു പഴയ ഓർമ
അവളിൽ നിറയാൻ തുടങ്ങി
അവൾ മെല്ലെ കിടക്കയിൽ
നിന്ന് എഴുന്നേറ്റു എന്നിട്ട് തന്റെ

മേശക്കരുകിൽ
കസേരയിട്ടിരുന്നു.ഒരുപാട്
ചിന്തിച്ചു എന്ത്
വേണമെന്ന്,പക്ഷേ ഒന്നും
മനസ്സിൽ വരുന്നില്ല.അവളുടെ
മനസ്സിളകാൻ തുടങ്ങി.തന്റെ
സംശയത്തിന് ഉത്തരം തരാത്ത
അമ്മയോടുള്ള ദേഷ്യം. അവൾ
ക്ക് സംശയങ്ങൾ ചോദിക്കാൻ
ആരുമില്ല.അവൾ
മുന്നിലിരുന്ന പേന
കൈയ്യിലെടുത്തു .ഒരു കടലാസും
മനസ്സിന്റെ നൊമ്പരങ്ങൾ
കഥയായോ കവിതയായോ
പകർത്തിയാലോ? അവൾ
ഒരുപാട് ചിന്തിച്ചു.അവളുടെ
കൈ തരിച്ചു പക്ഷേ എങ്ങനെ
തുടങ്ങണമെന്ന്
അറിയില്ല.സംശയത്തിലാണോ
അതോ
നൊമ്പരത്തിലോ.അവൾ
ഒത്തിരി ആലോചിച്ചിട്ടും

മനസ്സിലൊന്നും
വന്നില്ല.അപ്പോഴും ആ ചന്ദ്രൻ
അവളെ നോക്കി
പുഞ്ചിരിക്കുന്നുണ്ടായിരുന്നു.

# GLOBAL WARMING

**Global warming** is the long-term rise in the average temperature of the earth's climate system. It is a major aspect of **climate change** and has been demonstrated by direct temperature measurements and by measurements of various effects of the warming. *Global warming* and *climate change* are often used interchangeably. But more accurately, *global warming* is the mainly human-caused increase in global surface temperatures and its projected continuation, while *climate change* includes both global warming and its effects, such as changes in precipitation. While there have been

prehistoric periods of global warming, many observed changes since the mid-20th century have been unprecedented over decades to millennia.

The Intergovermental Panel on climate change (I P C C ) Fifth Assessment Report concluded, 2016, the Earth's average surface temperature has already increased by about half this threshold and current pledges by countries to cut emissions are inadequate to limit future warming .The largest human influence has been the emission of green house gases such as carbon dioxide, methane, and nitrous oxide. Climate model projections summarized in the report indicated that during the 21st century the global surface temperature is likely to rise a further 0.3 to 1.7°C (0.5 to 3.1°F) in a moderate scenario, or as much as 2.6 to 4.8°C (4.7 to 8.6°F) in an extreme scenario, depending on the rate of future greenhouse gas emissions and on climate feedback

effect. These findings have been recognized by the national science academies of the major industrialized nations and are not disputed by any scientific body of national or international standing.

The effects of global warming include rising sea levels, regional changes in precipitation, more frequent extreme weather events such as heat waves, and expansion of deserts. Ocean acidification is also caused by greenhouse gas emissions and is commonly grouped with these effects even though it is not driven_by temperatures. Surface temperature increases are greatest in the arctic, which has contributed to the retreat of glaciers, permafrost and sea ice. Overall, higher temperatures bring more rain and snowfall, but for some regions droughts and wildfires increase instead. Climate change threatens to diminish crop yeilds, harming food security, and rising sea levels may flood coastal infrastructure and force the

abandonment of many coastal cities. Environmental impacts include the extinction or relocation of many species as their ecosystem change, most immediately the environments of coral reefs, mountains, and the Artic.

Societal responses to global warming include mitigation by emissions reduction, adaptation to its effects, and possibly climate engineering. Countries work together on climate change under the umbrella of the United Nations Framework Convention on Climate Change (U N F C C C), which entered into force in 1994 and has near-universal membership. The ultimate goal of the convention is to "prevent dangerous anthropogenic interference with the climate system".Although the parties to the U N F C C C have agreed that deep cuts in emissions are required and that global warming should be limited to well below 2°C (3.6°F) in the Paris agreement of 2016, the Earth's average

surface temperature has already increased by about half this threshold and current pledges by countries to cut emissions are inadequate of 2016, the Earth's average surface temperature has already increased by about half this threshold and current pledges by countries to cut emissions are inadequate to limit future warming. to limit future warming.

By

seenu sunil(9.c)

## <u>ആന്റണി സി.എൽ (1913-1979)</u>

ഭാഷശാസത്രപണ്ഡിതൻ തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ ജനിച്ചു.

പ്രധാന കൃതികൾ:ഭാഷാപഠനങ്ങൾ, (രണ്ടു വാല്യം)കേരള പാണിനീയ ഭാഷ്യം

മുഖ്യബഹുമതി:കേരള സാഹിത്യ അക്കാദമി അവാർഡ് (1974)

ആർഷ.എം(9.c)

# എഴുത്തച്ഛൻ

തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ 16-ാം
നൂറ്റണ്ടിന്റെ അവസാനകാലത്തും 17-ാം
നൂറ്റാണ്ടിന്റെ ആരംഭ
കാലത്തുമായി ജീവിച്ചിരുന്നുവെന്ന്
വിശ്വസിക്കപ്പെ
ടുന്നു.മലപ്പുറം ജില്ലയിലെ തിരൂർ തൃക്കണ്ടിയൂർ
ശിവക്ഷേത്രത്തിനടുത്തുള്ള തുഞ്ചൻ ജന്മ
സ്ഥലം പ്രാചീന കവിത്രയങ്ങളിലെ
ഭക്തകവിയായ
തുഞ്ചത്ത് എഴുത്തച്ഛൻ മലയാള ഭാഷയുടെ
പിതാവ്
എന്നറിയപ്പെടുന്നു സാധാരണ ജനങ്ങൾക്ക്
വളരെ ലളിതമായി മനസ്സിലാക്കുന്ന രീതിയിൽ
പുരാണേതിഹാസങ്ങൾ അദ്ദേഹം മലയാള
ഭാഷയിലേക്ക് വിവർത്തനം ചെയ്തു. മലയാള
ഭാഷയിലും സാഹിത്യത്തിലും ഒരു ധിരനായ
പരിവർത്തനം സൃഷ്ടിച്ച തുഞ്ചത്ത് എഴുത്തച്ഛൻ
ഒരു കവിയും,തത്വജ്ഞാനിയും,പരിഷ്കർത്താവും
ആയിരുന്നെന്ന് അദ്ദേഹത്തിന്റെ രചനകളിൽ
നിന്ന്
ബോധ്യമാകുന്നു തന്റെ ഭക്തി നിഷ്ഠ അതിന്റെ
പാരമ്യത്തിൽ എഴുതുന്നതിന്റെ നിരവധി
ഉദാഹരണങ്ങൾ അദ്ദേഹത്തിന്റെ
കൃതികളിലുടനീളം

ദർശിക്കുവാൻ കഴിയും
പ്രധാന കൃതികൾ :അധ്യാത്മ രാമായണം കിളിപ്പാട്ട് ,മഹാഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട്,ഹരിനാമകീർത്തനം, ചിന്താരത്നം.

ആർഷ.എം ,ആഗ്ന ഗിരീഷ് (9.c)

# ഉറൂബ് (പി.സി കുട്ടികൃഷ്ണൻ)

(1915 -1979)

മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനനം കേരള സാഹിത്യ അക്കദമി അധ്യാക്ഷനായിരുന്നു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു.ഉമ്മാച്ചു,അമ്മിണി, സുന്ദരികളും സുന്ദരന്മാരും, മിണ്ടാപ്പെണ്ണ്,അണിയറ,മൗലവിയും ചങ്ങാതിമാരും,ഗോപാലൻ നായരുടെ താടി, രാച്ചിയമ്മ,അപ്പുവിന്റെ ലോകം തുടങ്ങിയവ പ്രധാന കൃതികൾ

ആഗ്ന ഗിരീഷ്
(9c)

# പദകോശം

അംശം- പങ്ക്
അകാരി-ഈശ്വരൻ
അക്ഷി-കണ്ണ്
അങ്കന-സ്ത്രീ
അധരം-ചുണ്ട്
ആലയം-ഭവനം
ആലം-പേഴ്മരം
ആർഹതം-ജൈനമതം
ആലു-കിണ്ടി
ആർത്തവി-പെൺകുതിര
ഇക്ഷുകം-കരിമ്പ്
ഇടവൽ-ചിത്രശലഭം
ഇദ്ധ്മം-വിറക്
ഇന്ദുചൂഡൻ-ശിവൻ
ഇറവ്-ഇറക്കം
ഈക്ക്-ഇഴക്ക്
ഈക്ഷിതം-നോട്ടം
ഈരണ്ട്-രണ്ട് വീതം
ഈടറ്റ-തുല്യമില്ലാത്ത
ഈട്ട്-ലാഭം
ഉടജം-പർണ്ണശാല
ഉദജം-താമര
ഉമാപതി-ശിവൻ

ഉവണി-വാൾ
ഉർണം-ആട്ടിൻരോമം
ഊക്ക്-ശക്തി
ഊക്കം-ബലം
ഊഞ്ച്-ചങ്ങാതി
ഊന-കുറഞ്ഞ
ഊത്ത-വീർത്ത

ഋതു പ്രഭു-വസന്തം
ഋതു മതി-ആവി
ഋതുരാജൻ-വസന്തം
ഋതുശാന്തി-നിഷേകം
ഋശ്യൻ-ഒരു ഋഷി
എകർണ-എകരമുള്ള
എങ്ങ്-എവിടെ
എട്ടി-ചെട്ടിയൻ
എണ്ണം-തുക
എത്ത്-പൊടിപ്പ്
ഏഡം-ഒരിനം ആട്
ഏഡി- പെണ്ണാട്
ഏഡേകം-ഏഡുകം

ഏണമിഴി-ഏണനയനം
ഏണാങ്കൻ-ഏണതിലകൻ
ഐതി-ഐതീഹ്യം
ഐത്ര-ഉഴിഞ്ഞ

ഐന്തൂണ്-അയനിയൂണ്
ഐവ്-അലിവ്
ഐറാൻ-പേർഷ്യ
ഒട്ടുനേരം-അൽപസമയം
ഒമട്-മൃഴ
ഒച്ചം-നാണം
ഒല്ലാർ-ശത്രുക്കൾ
ഒഴിച്ച്-ഒഴികെ
ഓകണം-മൂട്ട
ഓക്ക്-ഒരു വൃക്ഷം
ഓജു-ഒറ്റയായുള്ള
ഓങ്ങ്-കൈ ഉയർത്തുക
ഓങ്കാരം-പ്രണവം
ഔജസം-സ്വർണ്ണം
ഔഘ്യം-ഒഴുക്ക്
ഔട്ട്-അമിട്ട്
ഔഡ-നനഞ്ഞ

# കരുണയുടെ സമ്മാനം

പണ്ട് ഒരു ഗ്രാമത്തിൽ വൈഗ എന്ന ഒരു ദരിദ്ര ബാലികയുണ്ടായിരുന്നു.
അവൾക്ക് അച്ഛനില്ല അവളുടെ അമ്മ കാട്ടിൽ പോയി വിറകു ചുമന്നാണ്

അവളെ പഠിപ്പിക്കുന്നത്.മണിമല
യു.പി.എസിലെ 7-ാം ക്ലാസ് വിദ്യാർത്ഥിയാണ്
വൈഗ.ഒരിക്കൽ അവളുടെ സ്ക്രൂളിൽ നല്ല
കൈയ്യുള്ള ഒരു മത്സരം നടത്തി.മത്സരത്തിന്റെ
തലേന്ന് അവൾ ദുഃഖത്തോടെയാണ്
വീട്ടിലെത്തിയത്.അവൾക്ക് കൈയ്യിലണിയാൻ
വളയോ നഖങ്ങൾ നിറപ്പകിട്ടുള്ളതാക്കാൻ
ചായങ്ങളോ മറ്റ്സാധങ്ങളോ ഒന്നും
കൈവശമില്ല.പിറ്റേന്ന് അവൾ അവളുടെ
കൈയ്യിലെ നഖം വെട്ടി കഴുകികൊണ്ട് അവൾ
സ്ക്രൂളിലേക്ക് പോയി. അവൾ വഴിയിൽ ഒരു
അമ്മുമ്മയെ കണ്ടു. അവർ ഒരു കെട്ട് വിറക്
എടുക്കാൻ ശ്രമിക്കുന്നു.അവൾക്ക് കരുണ
തോന്നി. അവൾ അവരെ വിറകെടുക്കാൻ
സഹായിച്ചു. അവൾ സ്ക്രൂളിലെത്തിയപ്പോൾ
അവളുടെ ക്രൂട്ടുകാരികളെല്ലാം കൈകൾ നന്നായി
അലങ്കരിച്ചിരിക്കുന്നു. അവൾ അവളുടെ
കൈകളിലേക്ക് നോക്കി.അതാ കൈ മുഴുവൻ
വിറകിന്റെ  കറ. കഴുകിയിട്ടും പോയില്ല ഒടുവിൽ
മത്സരം തുടങ്ങി. വൈഗയുടെ ഊഴമായി. അവൾ
ടീച്ചറെ കൈ കാണിച്ചു. ടീച്ചർ അവളുടെ
കൈകളിൽ കറ എങ്ങനെ പറ്റിയെന്ന്
അന്വേഷിച്ചു.അവൾ കരഞ്ഞു കൊണ്ട്
സംഭവിച്ചതെല്ലാം പറഞ്ഞു.അങ്ങനെ ദയയിലും
സഹായമനസ്കതയിലും അഭിമാനം തോന്നിയ
ടീച്ചർ അവൾക്ക് സമ്മാനം നൽകി. ഇത്രയുംനാൾ

ശ്രദ്ധിക്കാതെ നടന്ന കുട്ടികൾ അവളെ അഭിനന്ദിച്ചു.

തയാറാക്കിയത്-**ശിവാനി.എസ്**



# ശുഭം

